# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1998 | 04.05.2017-ൽ മറുപടിക്ക്

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പാക്കാൻ ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവീസ് സ്കീം, എൻ.ജി.ഒ. കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ (Monitoing Cell) രൂപീകരിച്ചു വരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും ഒഴിവാക്കുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകിയുള്ള ഈ പദ്ധതി ഓരോ സെന്ററുകളുടെയും വികസനത്തിനോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ടൂറിസം വികസനത്തിനും |

അതു വഴി അന്താരാഷ്ട്ര തലത്തിലുള്ള പ്രചരണത്തിനും സഹായകരമായി വർത്തിക്കുന്നു.

കേരളത്തിലെ തെരഞ്ഞെടുത്ത 79 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ താഴെ പറയുന്ന പത്തിന അജണ്ട പ്രകാരമുള്ള കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഏർപ്പെടുത്തുന്നത്.

1. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.

2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും

3. ശുദ്ധമായ കുടിവെള്ളവും, ഭക്ഷണവും

4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ

5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ

6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും, പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.

8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നു.

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽ പറഞ്ഞ കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി നിയമിച്ച വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടിയിൽ എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പാക്കിയത്; | ബി) | ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്മുടിയിലെ ലോവർ സാനിറ്റോറിയത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടന്നിരുന്ന ടൂറിസ്റ്റ് അമിനിറ്റി സെന്റർ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ സംവിധാനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. ഈ സെന്ററിൽ ഡെസ്റ്റിനേഷൻ മാനേജരെ നിയമിച്ചിട്ടുണ്ട്. |
| സി) | ഇനിയും എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?; | സി) | കൂടുതൽ സെക്യൂരിറ്റി സംവിധാനം, ലൈറ്റിംഗ് സംവിധാനം, ചിൽഡ്രൻസ് പാർക്ക്, സാഹസിക ടൂറിസം പദ്ധതികൾ എന്നിവ നടപ്പിലാക്കുന്ന കാര്യം പരിശോധനയിലാണ്. |

(Signature)

സെക്ഷൻ ഓഫീസർ